ബഹുമാന്യരേ,

ജില്ലാപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ രണ്ടാമത്തേയും, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തേതുമായ ബജറ്റ് ഞാൻ സന്തോഷത്തോടെ അവതരിപ്പിക്കുകയാണ്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്ന നിലയിൽ നിങ്ങൾ നൽകിയ സഹകരണവും സ്നേഹവും വിലമതിക്കാനാവാത്തതാണ്. ഭരണസമിതിയിലെ ഓരോ അംഗത്തിനോടും എനിക്കുള്ള കൃതജ്ഞതയും ബഹുമാനവും ഈ അവസരത്തിൽ ഞാൻ പ്രകടിപ്പിക്കട്ടെ.

നമ്മുടെ ഭരണസമിതിക്ക് ക്രിയാത്മകമായ നേതൃത്വം നൽകി വയനാട് ജില്ലാ പഞ്ചായത്തിനെ സ്തുത്യർഹമായ രീതിയിൽ മുന്നോട്ടു നയിക്കുന്ന പ്രസിഡന്റ് ശ്രീമതി ടി. ഉഷാകുമാരിയോടുള്ള കൃതജ്ഞത ഈ അവസരത്തിൽ അനുസ്മരിക്കുന്നു. ഭരണസമിതി പ്രവർത്തനങ്ങളോട് സർവ്വാത്മനാ സഹകരിച്ചിട്ടുള്ള ജില്ലാ പഞ്ചായത്തിലെ ഓരോ ജീവനക്കാരനോടും, അതേ പോലെ വിവിധ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥരോടും, നിർവ്വഹണ ഉദ്യോഗസ്ഥരോടും ഈ ഭരണസമിതിക്കും പ്രത്യേകിച്ച് എനിക്കും ഉള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ. വികസനപാതയിൽ വളരെയൊന്നും മുന്നോട്ടു പോയിട്ടില്ലാത്ത നമ്മുടെ ഈ കൊച്ചു ജില്ലയുടെ വളർച്ചക്ക് നിങ്ങളോരോരുത്തരുടേയും പ്രവർത്തന പരിചയവും കഴിവും ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ജനഹൃദയങ്ങളിലെത്തിക്കുന്നതിന് നിതാന്ത ജാഗ്രത പുലർത്തുന്ന മാദ്ധ്യമ സുഹൃത്തുക്കളെ പ്രത്യേകം അഭിവാദ്യം ചെയ്യുന്നു.

## 2016-17 വാർഷിക പദ്ധതി - ഒരു ദ്രുത അവലോകനം

സമയാസമയങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ, ഓരോ വികസന മേഖലക്കും മതിയായ തുക വകയിരുത്തുകയും ബന്ധപ്പെട്ടവരുടെ അംഗീകാരം നേടി ഭരണാനുമതി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ വികസനമേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ പൊതുവായ ഒരു വിലയിരുത്തലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സാധാരണക്കാരുടേയും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് വയനാട് ജില്ലാ പഞ്ചായത്ത് മുൻകാലങ്ങളിലെന്ന പോലെ റിപ്പോർട്ട് വർഷത്തിലും സ്വീകരിച്ചിട്ടുള്ളത്. കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും വികസനമേഖലകളിൽ എല്ലാക്കാലത്തും പിന്തള്ളപ്പെട്ടു പോകുന്ന വനിതകളുടേയും വയോജനങ്ങളുടേയും വിശിഷ്യാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും വളർച്ചയും ഉയർച്ചയും ലക്ഷ്യമാക്കിക്കൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും വയനാട് ജില്ലാ പഞ്ചായത്ത് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വന്നു ചേർന്ന നിയന്ത്രണങ്ങൾ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിൽ

പോലും മുൻ വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഒട്ടു മിക്ക പദ്ധതികളും നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കഴിഞ്ഞ വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന രണ്ടു പദ്ധതികൾ-ഇല്ലവും അഗ്രോശ്രീ യും-ബഹുമാനപ്പെട്ട കേരള സർക്കാർ ഏറ്റെടുത്തു നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചത് നമ്മുടെ ദീർഘ വീക്ഷണത്തിന് ലഭിച്ച അംഗീകാരമായി കാണുന്നു.

## ബജറ്റ് 2017-18

**"A Theory must be tempered with reality"**

**Pandit Javaharlal Nehru**

പ്രിയപ്പെട്ടവരേ,

വയനാട് ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ ബഹുമാന്യരായ നിങ്ങളുടെ മുമ്പാകെ സന്തോഷപൂർവം ഞാൻ അവതരിപ്പിക്കുകയാണ്. കേരള നിയമസഭ ബജറ്റിന്റെ അനുബന്ധം നാലു പ്രകാരം ജില്ലാ പഞ്ചായത്തിന് 2017-18 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുകയും വിവിധ മേഖലകളിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയും കണക്കാക്കിയാണ് ഇതിനാവശ്യമായ രേഖകൾ തയ്യാറാക്കിയിട്ടുള്ളത്. 2011ലെ സെൻസസ് പ്രകാരം വയനാട് ജില്ലയുടെ ജനസംഖ്യ 8,16,558 ആണ്. ഇവരിൽ തന്നെ 1,51,443 പേർ പട്ടികവർഗ്ഗത്തിൽ പെടുന്നവരാണ്. ഏകദേശം 19 ശതമാനം. കർഷകരും കർഷക തൊഴിലാളികളുമടങ്ങുന്ന സാധാരണക്കാരായ ജനസഞ്ചയത്തിന്റെ ജീവൽ പ്രശ്നങ്ങൾ നിരവധിയാണ്. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, പൊതുമരാമത്ത് പ്രവർത്തികൾ എന്നീ വിഭാഗങ്ങൾക്ക് മുൻതൂക്കം നൽകുന്ന തരത്തിലാണ് ഈ വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വയനാട് ജില്ലക്ക് അനിവാര്യമെന്ന് തോന്നിയ ചില മേഖലകൾക്ക് ഊന്നൽ നൽകി തയ്യാറാക്കിയ 2017-18 വർഷത്തെ ബജറ്റ് നിങ്ങളുടെ വിലയിരുത്തലുകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയാണ്.

വിവിധ സ്രോതസ്സുകളിൽ നിന്ന് വയനാട് ജില്ലാ പഞ്ചായത്തിന് 2017-18 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

കേരളത്തിന്റെ 2017-18 വാർഷിക ബഡ്ജറ്റിൽ അനുബന്ധം IV പ്രകാരം വയനാട് ജില്ലാ പഞ്ചായത്തിന് ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | പൊതു വിഭാഗം | 213469000 |
| 2 | പട്ടിക വർഗ്ഗ ഉപ പദ്ധതി | 132898000 |
| 3 | പ്രത്യേക ഘടക പദ്ധതി | 23052000 |
| 4 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 113672000 |
| 5 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 39748000 |
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് | 27341000 |
| | **ആകെ** | **550180000** |

ഇതിനു പുറമെ താഴെ പരാമർശിക്കുന്ന വരവുകൾ കൂടി 2017-18 വർഷത്തേയ്ക്ക് വയനാട് ജില്ലാ പഞ്ചായത്തിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | | |
|---|---|---|
| 1 | MP പ്രാദേശിക വികസന ഫണ്ട് | 10000000 |
| 2 | എം.എൽ.എ ഫണ്ട് | 3200000 |
| 3 | ബി.ആർ.ജി.എഫ് (മുൻ പ്രവർത്തികൾക്ക്) | 10700000 |
| 4 | ശുചിത്വ മിഷൻ | 5000000 |
| 5 | കേരളോത്സവം | 400000 |
| 6 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 37750000 |
| 7 | കേന്ദ്രാവിഷ്കൃതപദ്ധതി | 271770000 |
| 8 | നബാർഡ് | 40000000 |
| 9 | മറ്റ് വരവുകൾ | 91909000 |
| | **ആകെ** | **470729000** |

മേൽ പ്രകാരം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന തുക, സർക്കാർ ഉത്തരവുകൾക്കും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും വിധേയമായി, ഗ്രാമസഭക്കു സമാനമായി ജില്ലാ പഞ്ചായത്ത് നടത്തുന്ന യോഗത്തിലെ തീരുമാനങ്ങൾ പരിഗണിച്ച്, വയനാട് ജില്ലയുടെ സർവ്വതോമുഖമായ വളർച്ചക്ക്

ഉതകുമെന്ന പ്രതീക്ഷയിൽ താഴെ പറയും പ്രകാരം നീക്കി വക്കുവാൻ ഉദ്ദേശിക്കുന്നു. ബജറ്റിൽ ഊന്നൽ നൽകുന്ന പ്രധാന മേഖലകളുടെ വിശദാംശങ്ങളാണ് ഇതോടൊപ്പം ചേർത്തിട്ടുള്ളത്. ഇനം തിരിച്ചുള്ള വിശദമായ പ്രതീക്ഷിത വരവു ചിലവു കണക്കുകൾ ബജറ്റ് രേഖയുടെ അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്.

പട്ടിക 2 : നിർബന്ധിത നീക്കിവക്കലുകൾ

| ക്ര. നം. | ഇനം | വിഭാഗം | | | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി. | ടി.എസ്.പി. | | |
| 1 | ഇ.എം.എസ്. ഭവനനിർമ്മാണം | 15000000 | | | 15000000 | |
| 2 | ഐ.എ.വൈ. വിഹിതം | 20000000 | 10000000 | 90000000 | 120000000 | |
| 3 | എസ്.എസ്.എ. വിഹിതം | 20000000 | | | 20000000 | |
| 4 | സാമൂഹ്യ സുരക്ഷാ മിഷൻ | 2500000 | | | 2500000 | |
| 5 | ഐ.കെ.എം. | 300000 | | | 300000 | |
| 6 | പദ്ധതി രൂപീകരണം | 500000 | 0 | 0 | 500000 | |
| | **ആകെ** | | | | **158300000** | |

## 1. ഭവനനിർമ്മാണം

മഴ നനയാതേയും കാലാവസ്ഥയെ പേടിക്കാതെയും അന്തിയുറങ്ങാനുള്ളൊരു വീട് എല്ലാ ജീവജാലങ്ങളുടേയും ഒരു സ്വപ്നമാണ്. മനുഷ്യനു പ്രത്യേകിച്ചും. വീടില്ലാത്ത നിരവധി പേരുടെ ആശങ്കകൾക്ക് അറുതി വരുത്തുന്നതിന് ഇന്ദിരാ ആവാസ് യോജന എന്ന ഭവന നിർമ്മാണ പദ്ധതിയിലൂടെയും, ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലൂടേയും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

- പ്രധാനമന്ത്രി ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി ഈ വർഷം പന്ത്രണ്ടു കോടി രൂപ ഈ ബജറ്റിൽ നീക്കിവക്കുന്നു.
- കേരള സർക്കാരിന്റെ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി-10000000 (ഒരു കോടി)

- ഇതു കൂടാതെ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ തിരിച്ചടവിനായി ഒരു കോടി 50 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## 2. സാമൂഹ്യക്ഷേമം

ഏതൊരു സമൂഹത്തിന്റേയും വളർച്ചയുടെ അളവുകോൽ അവിടെ ജീവിക്കുന്ന അവഗണിക്കപ്പെട്ടവരുടെയും അശരണരുടേയും ഉയർച്ചയെ അടിസ്ഥാനപ്പെടുത്തിയാണ്. സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും എക്കാലത്തും അകറ്റി നിർത്തപ്പെടുന്നവരുടെ ഉയർച്ചക്കും അവരെ പൊതുസമൂഹത്തിലേക്ക് കൊണ്ടുവരുന്നതിനും വയനാട് ജില്ലാ പഞ്ചായത്ത് എല്ലായ്പോഴും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്കു മാറ്റപ്പെടുന്ന വയോജനങ്ങൾ, വനിതകൾ, ഭിന്നശേഷിയുള്ളവർ, ശിശുക്കൾ തുടങ്ങിയവർക്കായി ഏതാനും പദ്ധതികൾക്കായി ഈ വാർഷിക ബജറ്റിൽ തുക നീക്കിവക്കാൻ ഉദ്ദേശിക്കുന്നു.

1. **വയോജനങ്ങൾ** – പ്രായമായതിന്റെ പേരിൽ ഒറ്റപ്പെട്ടു പോകുന്ന, അവഗണിക്കപ്പെടുന്ന വയോജനങ്ങളുടെ ക്ഷേമം കണക്കിലെടുത്ത്, വയോജനങ്ങളുടെ ക**ഴിവും** പ്രവർത്തന പരിചയവും സമൂഹത്തിന് ഒട്ടാകെ ഗുണപ്രദമാകുന്ന രീതിയില് ഉപയോഗപ്പെടുത്തുന്നതിനു ലക്ഷ്യമിടുന്ന ഒരു പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത് ഈ വർഷവും തുടരുന്നു.

- ***പുനർജനി*** – സീനിയർ സിറ്റിസൺസ് ക്ലബ്ബ് എന്നു പേരിടുന്ന ഈ പദ്ധതിയിലൂടെ വയോജനങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ 512 തദ്ദേശ ഭരണ സ്ഥാപന വാർഡുതലങ്ങളിലെ ഓരോ അങ്കൺവാടിയും കേന്ദ്രീകരിച്ച് വയോജനങ്ങളുടെ ബി.പി, ഷുഗർ എന്നിവ സ്ഥിരമായി പരിശോധിച്ച് രേഖപ്പെടുത്തുന്നതിന് ആവശ്യമായ **ബിപി അപ്പാരറ്റസ്, ഗ്ലൂക്കോ മീറ്റർ** ഉപകരണം വാങ്ങി നൽകുന്നതിന് 25 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു. ഇതേ കേന്ദ്രങ്ങളിൽ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ നടത്തി മരുന്ന നൽകും
- **സാമൂഹ്യ അടുക്കള–** 50 കുടുംബങ്ങളിൽ കൂടുതൽ പേർ താമസിക്കുന്ന പട്ടികവർഗ്ഗ കോളനികൾക്ക് സമീപം ഭക്ഷണം പാചകം ചെയ്ത് നൽകുന്നത് അടക്കമുള്ള സമഗ്ര പദ്ധതി – 50 ലക്ഷം രൂപ വകയിരുത്തുന്നു.
  - **ഭിന്നശേഷിയുള്ളവർ :–** ശാരീരികവും മാനസികവുമായ അവശത അനുഭവിക്കുന്ന നിരവധി പേർ നമ്മുടെയിടയിലുണ്ട്. അവരിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗശേഷിയെ ഉണർത്തി, അവർക്കും സമൂഹത്തിനും ഒരു പോലെ ഗുണപ്രദമാകുന്ന രീതിയിൽ ഉയർത്തി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള വിദ്യാർത്ഥികളുടെ

പഠനാവശ്യങ്ങൾക്കായി നൽകുന്ന സ്കോളർഷിപ്പിനായി 20 ലക്ഷം രൂപ മാറ്റി വക്കുന്നു.

- പനമരം ഗ്രാമപഞ്ചായത്തിലെ കായക്കുന്ന് എന്ന സ്ഥലത്ത് കേരള ബ്ലൈന്റ് ഫെഡറേഷന്റെ സ്ഥലത്ത് നിർമ്മാണത്തിലിരിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രത്തിന് ആവശ്യമായ ഉപകരണങ്ങളും പരിശീലനവും എന്നിവക്ക് 20 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.
- ***സ്നേഹവാഹനം*** എന്ന പേരിൽ മുച്ചക്രവാഹനങ്ങൾ നൽകുന്നതിനായി അമ്പതു ലക്ഷം രൂപ (ജനറൽ 25 ലക്ഷം, ടി.എസ്.പി. 25 ലക്ഷം) നീക്കി വക്കുന്നു.

3. **ശിശുക്കൾ** – ആരോഗ്യമുള്ള ശിശുക്കൾ സമൂഹത്തിന് എന്നും സമ്പത്താണ്. നാളത്തെ പൗരന്മാരാകേണ്ട ശിശുക്കളുടെ ആരോഗ്യകരമായ വളർച്ചക്കുതകുന്ന പദ്ധതികളാണ് ഈ വർഷവും രൂപീകരിക്കുന്നത്.

- കൂടുതൽ സൗകര്യങ്ങളുള്ള ആറ് അങ്കൺവാടികൾ നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപ മാറ്റി വക്കുന്നു.
- വയനാട് ജില്ല ബാലസൗഹൃദ ജില്ലായാക്കുന്നതിന് 23 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.
- ഭൗതിക സാഹചര്യങ്ങളുള്ള 75 അങ്കൺവാടികളിൽ വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന തരത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി മുപ്പതു ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

4) **വനിതകൾ** – സമൂഹത്തിന്റെ അമ്പതു ശതമാനത്തിലധികം വരുന്ന വനിതകളുടെ ക്ഷേമം എന്നു പറയുന്നത് സമൂഹത്തിന്റെ ക്ഷേമം തന്നെയാണ്. സമൂഹത്തിലെ രണ്ടാം തരം പൗരൻ എന്ന പരിഗണന മാത്രമാണ് പലപ്പോഴും ഇവർക്കു ലഭിക്കുന്നത്.

- അമ്മമനസ്സ് :- സ്ത്രീകൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ വാർഡു തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ബോധവത്കരണമടക്കമുള്ള പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവക്കുന്നു. ഈ പദ്ധതിയ്ക്ക് അമ്മ മനസ്സ് എന്ന പേര് നൽകി നടപ്പാക്കുന്നു.
- സ്ത്രീ സുരക്ഷയുടെ ഭാഗമായി പ്രധാനപ്പെട്ട ടൗണുകളിൽ ക്യാമറകൾ സ്ഥാപിക്കൽ – 15 ലക്ഷം

- ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കേണിച്ചിറയിലെ സ്ഥലത്ത് **വനിതാ വ്യവസായ പാർക്ക്** സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 70 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ***അതിജീവനം*** - ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവരും ദൈനംദിന ജീവനത്തിനു പോലും കഷ്ടപ്പെടുന്നവരുമായ സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിയമസഹായമടക്കമുള്ള സഹകരണം ലഭ്യമാക്കുന്നതിനുമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് ഇരുപതു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

## 3) വിദ്യാഭ്യാസം, സംസ്കാരം, കലാകായികം, യുവജനക്ഷേമം

വിദ്യാധനം സർവധനാൽ പ്രധാനം എന്ന ആപ്തവാക്യം കണക്കിലെടുത്ത് വയനാട് ജില്ല ഇതിനകം ഈ മേഖലയിൽ നേടിയെടുത്ത മുഴുവൻ നേട്ടങ്ങളും നിലനിർത്തുന്നതിനും കൂടുതൽ നേട്ടങ്ങൾ കൊയ്യുന്നതിനുമായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഈ വർഷവും നിലനിർത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മിഷനുമായി സഹകരിച്ച് നടപ്പാക്കുന്നതാണ്.

- ***ഡിജറ്റൽ ക്ലാസ്സ് റൂം :-*** വിവരസാങ്കേതിക വിദ്യയുടെ വിനിയോഗം വളർന്നു വരുന്ന തലമുറകളിൽ എത്തിക്കുന്നതിനായി തിരഞ്ഞെടുത്ത സ്കൂളുകളിൽ മേൽ പദ്ധതിയ്ക്കായി അമ്പതു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ***മിഷൻ പ്ലസ് വൺ (Mission Plus One)*** - എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥികളും തുടർ പഠനത്തിനു ചേരുന്നു എന്നുറപ്പിക്കുന്നതിനും ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടുന്നതിനു സഹായിക്കുന്നതിനുമായി ഏകജാലക സംവിധാനത്തിലൂടെ സമ്പൂർണ്ണ രജിസ്ട്രേഷൻ ഉറപ്പാക്കുന്ന പദ്ധതിക്കു രൂപം നൽകുന്നതിനായി 2 ലക്ഷം രൂപ മാറ്റി വെയ്ക്കുന്നു.
- ജില്ലയിലെ മുഴുവൻ ഹയർസെക്കണ്ടറി, ഹൈസ്കൂളുകളുടെ നവീകരണത്തിനായി 2.5 കോടി നീക്കി വെയ്ക്കുന്നു.
- സ്കൂളുകളുടെ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് അമ്പതു ലക്ഷം രൂപ വകയിരുത്തുന്നു.
- REACH-Resores and Education for the Advancement of Carear to Higher Secondaty Students - 2017 വർഷം +1 പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ അവരുടെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ കണ്ടെത്തുന്നതിന് സഹായകരമാകുന്ന പദ്ധതി ഈ പദ്ധതിയ്ക്ക് 5,10,200/- രൂപ നീക്കിവെയ്ക്കുന്നു.്

- ***കുതിപ്പ്*** - മുൻ വർഷത്തെ പദ്ധതിയുടെ തുടർച്ചയായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികളിലെ കായികശേഷി ഉയർത്തുന്നതിനായി കോച്ചിംഗും സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിനുമായി പതിനഞ്ചു ലക്ഷം രൂപ നീക്കി വക്കുന്നു.
- ***ഭക്ഷണശാല*** - തെരഞ്ഞെടുത്ത നാലു സ്കൂളുകളിൽ ഡൈനിംഗ് ഹാൾ പണിയുന്നതിന് 50 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

സമൂഹത്തിന്റെ വളർച്ചയിൽ തീരെ അവഗണിക്കാൻ പാടില്ലാത്ത ഒരു ഘടകമാണ് വായനശാലകൾ. സമൂഹ പുരോഗതിയിൽ വായനശാലകളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

- **അക്ഷരപ്പുര** - ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് പുസ്തകങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിന് ഇരുപതു ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെയ്ക്കുന്നു.
- **ഒരു വീട്ടിൽ ഒരു ഉദ്യോഗം**-പണിയ, കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി ഉദ്യോഗത്തിനു തയ്യാറാക്കുന്ന പദ്ധതിയ്ക്ക്-പതിനഞ്ചു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു. ആദിവാസി ജനവിഭാഗത്തിൽപ്പെട്ട പണിയ, കാട്ടു നായ്ക്ക വിഭാഗത്തിലുള്ള വരെ നാടിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് ഒരു വീട്ടിൽ ഒരു ഉദ്യോഗം പദ്ധതിയുടെ ലക്ഷ്യം. ഈ വിഭാഗത്തിൽപ്പെട്ട പത്താം തരം +2 കഴിഞ്ഞവരുമായ വിദ്യാർത്ഥികൾക്ക് പി.എസ്.സി പരിശീലനം നൽകാനുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും
- **അക്ഷരജോതി** പദ്ധതിക്ക് ഈ ബജറ്റിൽ 30 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.
- **തുല്യതാ** പരിപാടിയിൽ പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുന്നതിന് മുപ്പതു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ***ഗോത്രവർഗ്ഗ*** വിദ്യാർത്ഥികൾക്കുള്ള പ്രഭാതഭക്ഷണമടക്കമുള്ള പരിപാടികൾക്കായി ഒരു കോടി പതിനഞ്ചു ലക്ഷം രൂപ നീക്കിവക്കുന്നു.
- ***വിജ്ഞാൻ ജോതി*** - സാക്ഷരതാമിഷനുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിക്ക് ജനറൽ വിഭാഗത്തിൽ 10 ലക്ഷം രൂപയും ടി.എസ്.പി.വിഭാഗത്തിൽ 5 ലക്ഷം രൂപയും നീക്കിവക്കുന്നു.

- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായികക്ഷമത ഉയർത്തുന്നതിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുന്നതിനായി 10 ലക്ഷം രൂപ നീക്കി വക്കുന്നു.
- **വയനാട് ഫെസ്റ്റ് 2017-** വയനാട് ജില്ലയിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ ജില്ലയിലെ മറ്റു സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വയനാട് ഫെസ്റ്റ് നടത്തുന്നതിനായി 25 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.
- **മൂന്നാം കണ്ണ് :-** ട്രാൻസ്ജെൻഡർ വിഭാഗത്തിന് തൊഴിൽ പരിശീലന കേന്ദ്രം-പത്തു ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

## 4) പൊതുമരാമത്ത് പ്രവർത്തികൾ

വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വസ്തുവകകൾ വാങ്ങിയിട്ടുണ്ട്. ഇവയിൽ പലതും അന്യാധീനപ്പെട്ടു പോകുന്ന തരത്തിൽ കയ്യേറ്റവും മറ്റും നടക്കുന്നുണ്ട്. ഇവ തടഞ്ഞ് സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

- സ്ഥാവരസ്വത്തുക്കളുടെ സംരക്ഷണത്തിന് 25 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും നീക്കിവക്കുന്നു.
- ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പതിനൊന്ന് കോടി രൂപ വകയിരുത്തുന്നു.
- നാഴികകല്ല്:- ജില്ലയിൽ നിർമ്മിച്ചിട്ടുള്ള പുതിയ മൺറോഡുകൾ സോളിംഗ് നടത്തുന്നതിനും സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തികൾ നടത്തുന്നതിനുമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് പ്രവർത്തിക്കാവശ്യമായ മെറ്റീരിയൽ വാങ്ങി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി 25 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ജില്ലാ പഞ്ചായത്ത് ആഫീസ് നവീകരണം - 25 ലക്ഷം രൂപ
- ജില്ലയിലെ മൂന്ന് കേന്ദ്രങ്ങളിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി മുപ്പതു ലക്ഷം രൂപ മാറ്റിവക്കുന്നു.
- കണിയാമ്പറ്റ വനിതകൾക്കുള്ള പരിശീലന കേന്ദ്രവും ട്രേഡ് സെന്ററും സ്ഥാപിക്കുന്നതിന് 1.5 കോടി രൂപ നീക്കിവെയ്ക്കുന്നു.

## 5.കൃഷിയും അനുബന്ധമേഖലകളും

കേരള സർക്കാരിന്റെ ഹരിത കേരളം മിഷനുമായി സംയോജിപ്പിച്ച് നെൽകൃഷിയുടെ പരിപോഷണത്തിനായി ഗ്രാമ പഞ്ചായത്തുകളുടെ

സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് 1.5 കോടി രൂപ നീക്കിവെയ്ക്കുന്നു.

**ജലസേന:-**

**" ജലം ജീവന്റെ ഉത്പത്തിയാണ്**
**ജലം അമ്മയാണ്**
**ജല വിഭവമില്ലാതെ ജീവിതമില്ല "**

**നോബേൽ സമ്മാന ജേതാവ് ഹങ്കേറിയക്കാരൻ സെന്റ് ജോർജിയയുടെ വാക്കുകളുടെ മഹത്വം ഓരോ മലയാളിയും തിരിച്ചറിഞ്ഞ ദിനങ്ങളി ലൂടെയാണ് നാം കടന്നുപോകുന്നത്.**

ലോകത്ത് ഏറ്റവും കുടുതൽ മഴപ്പെയുന്ന കേരളത്തിൽ ഇപ്പോൾ കടുത്ത വരൾച്ച അനുഭവിക്കുകയാണ്. നീരൊക്കിനാൽ സമൃദ്ധമായിരുന്ന വയനാട് ജില്ലയിലെ നീരുറവകൾ വറ്റിവരണ്ടത് ജില്ലാ ഭരണകൂടത്തിന് കാണാതിരിക്കാൻ കഴിയില്ല. ജല സാക്ഷരതയുടെ അഭാവമാണ് വരൾച്ചക്ക് പ്രധാന കാരണം. കൂടാതെ നമ്മുടെ നെൽപാടങ്ങളും തോടുകളും വനങ്ങളും നശിച്ചതും കാരണമാണ്. ആയതിനാൽ ജലാശയങ്ങൾക്ക് കാവൽ നിർക്കുന്നതിനും ജല സംരക്ഷണത്തെ കുറിച്ച് സ്കൂളുകളിലും വീടുകളിലും ബോധവൽക്കരണം നടത്തുന്നതിനുമായി ജില്ലാ പഞ്ചായത്തിന് കീഴിൽ യുവതീ യുവാക്കൾക്കായി ജലസേന രൂപീകരിക്കും. കയ്യാലകൾ, തണ്ണീർ തടങ്ങൾ, മഴകുഴികൾ, ജൈവ വേലികൾ എന്നിവയുടെ നിർമ്മാണത്തിൽ ജലസേനാംഗങ്ങളെ പങ്കാളികളാക്കും. തൊഴിലുറപ്പ് പദ്ധതിയുമായി ജലസേനാ പ്രവർത്തനങ്ങൾ സംയോജിപ്പിക്കും- പദ്ധതിയ്ക്കായി 50 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

- ***പുഴയോരവൈദ്യുതി*** - കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതും വിജയകരമായി പൂർത്തീകരിച്ചതുമായ പദ്ധതിയാണ് പുഴയോര വൈദ്യുതി. കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പാടശേഖരസമിതികളിലൂടെ കർഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പരിപാടിക്കായി അമ്പതു ലക്ഷം രൂപ നീക്കി വക്കുന്നു.
- ***വിത്തുത്സവം*** എന്ന പേരിൽ പരമ്പരാഗത കിഴങ്ങ്, ധാന്യ വിളകളുടെ വിത്ത് സംഭരിച്ച്, ശാസ്ത്രീയമായി പരിരക്ഷിച്ച് കർഷകർക്ക് കൈമാറുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിക്ക് പത്തു ലക്ഷം രൂപ

ഉൾക്കൊള്ളിക്കുന്നു. എം.എസ്. സ്വാമിനാഥൻ ഫൌണ്ടേഷനുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

- കാർഷിക മേഖലയിൽ അനിവാര്യമായതും ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി വിജയിച്ചതുമായ കാർഷിക യന്ത്രവത്കരണം ഈ വർഷവും നടപ്പിലാക്കുന്നതിനു മൂന്ന് പ്രാദേശിക ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി മുപ്പതു ലക്ഷം രൂപ നീക്കി വക്കുന്നു.
- ജില്ലയിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ഹാച്ചറി സ്ഥാപിക്കുന്നതിന് പത്തു ലക്ഷം രൂപ നീക്കിവക്കുന്നു.
- ശുദ്ധമായ പച്ചക്കറിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറികൃഷി പ്രോത്സാഹനത്തിനായി പത്തു ലക്ഷം രൂപ നീക്കി വെക്കുന്നു.
- **പാലാഴി** :- ക്ഷീര കർഷകർക്ക് പാലിന്റെ ഉൽപ്പാദന ബോണസ്സായി അമ്പത് ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- **യുവാക്കൾ പാടത്തേയ്ക്ക് :-** നാൽപ്പത് വയസ്സിന് താഴെയുള്ള യുവതീ യുവാക്കളുടെ കർഷക സംഘങ്ങൾ രൂപീകരിച്ച് നെൽകൃഷി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോത്സാഹനമായി അമ്പതു ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.
- **നീരുറവ :-** പുൽപ്പള്ളി, മുള്ളൻകൊല്ലി സമഗ്ര വരൾച്ച ലഘൂകരണ പദ്ധതി. വരൾച്ച പ്രതിരോധിക്കുന്നതിനായി മൂന്ന് വർഷം മുന്നിൽ കണ്ടുകൊണ്ട് ഒരു കോടി ഇരുപത് ലക്ഷം രൂപ നബാർഡുമായി ചേർന്നുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി. അതിൽ ആദ്യ വർഷ പ്രവർത്തനങ്ങൾക്കായി ഇരുത്തിഅഞ്ച് ലക്ഷം രൂപ.
- ഉത്സവാഘോഷ വേളകളിൽ പ്രാദേശിക മാർക്കറ്റുകൾ നടത്തുന്നതിന് കുടുംബശ്രീ സംരംഭങ്ങൾക്ക് 15 ലക്ഷം രൂപ മാറ്റി വെയ്ക്കുന്നു.

## 6. യുവജനക്ഷേമം

കർമ്മോത്സുകരായ, സേവനതത്പരരായ യുവജനങ്ങളുടെ കൈകളിലാണ് നാടിന്റെ നാളത്തെ ഭാവി എന്നത് നിസ്തർക്കമായ കാര്യമാണ്. ഇന്നത്തെ യുവജനങ്ങളിൽ ദേശസ്നേഹത്തിന്റേയും സാമൂഹ്യസേവനത്തിന്റേയും സാക്ഷരത വളർത്തുവാനുതകുന്ന തരത്തിൽ

- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്നതിന് അമ്പതു ലക്ഷം രൂപ ഈ ബജറ്റിൽ വക കൊള്ളിക്കുന്നു.

- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെടുന്ന തൊഴിലന്വേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു സഹായകരമാകുന്ന വിധത്തിൽ റെപ്യൂട്ടഡ് ഇൻസ്റ്റിറ്റ്യൂഷൻ ഹോട്ടൽ മാനേജ്മെന്റ് പരിശീലനം, വിദേശത്ത് തൊഴിൽ തേടുന്നതിനു ധനസഹായം, പ്രൊഫഷനൽ കോഴ്സുകളിൽ പ്രവേശനം ഉറപ്പാക്കുന്നതിന് എൻട്രൻസ് കോച്ചിംഗ് എന്നിവ ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഇതിനായി എസ്.സി.പി. വിഭാഗത്തിൽ പത്തു ലക്ഷം രൂപയും, ടി.എസ്.പി. വിഭാഗത്തിൽ ഇരുപത് ലക്ഷം രൂപയും നീക്കി വെയ്ക്കുന്നു.
- കേരളത്തിനു പുറത്ത് ഉപരിപഠനത്തിന് പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗത്തിൽപെടുന്ന യുവജനങ്ങൾക്ക് സഹായം നൽകുന്നതിനായി പത്തു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- നിലവിലുള്ള ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് അമ്പതു ലക്ഷം രൂപ നീക്കിവെയ്ക്കുന്നു
- **മിടുക്ക്** :- യുവാക്കൾക്ക് ഫുട്ബാൾ, വോളിബോൾ, ക്രിക്കറ്റ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി ഇരുപത് ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ഇപ്പോൾ മീനങ്ങാടിയിൽ ജില്ലാ പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ടി.ഐ പരിശീലന കേന്ദ്രത്തിന്റെ മാതൃകയിൽ മുന്നു സ്ഥലങ്ങളിൽ കൂടി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പതിനഞ്ചു ലക്ഷം രൂപ നീക്കി വക്കുന്നു.
- ***റീച്ച് (Reach)-*** യുവാക്കളെ സിവിൽ സർവീസ് പരീക്ഷകൾക്കും മറ്റു മത്സര പരീക്ഷകൾക്കും തയ്യാറാക്കുന്നതിനായി റീച്ച് എന്ന പദ്ധതിക്കായി നാലു ലക്ഷം രൂപ നീക്കി വക്കുന്നു.

## 7. ആരോഗ്യം, ശുചിത്വം :-

ആരോഗ്യമുള്ള ജനതയാണ് ഏതൊരു നാടിന്റേയും പ്രധാന സമ്പത്ത്. മൺമറഞ്ഞു എന്നു കരുതിയിരുന്ന പല രോഗങ്ങളുടേയും തിരിച്ചുവരവും പുതിയ രോഗങ്ങളുടെ ആവിർഭാവവും ഇന്നത്തെ തലമുറ നേരിടുന്ന പ്രധാന ജീവൽ പ്രശ്നമാണ്. വയനാടിന്റെ നഷ്ടപ്പെട്ട ശുദ്ധിയും ശുചിത്വവും ആരോഗ്യവും വീണ്ടെടുക്കുന്നതിനുള്ള പരിശ്രമം ഉത്തരവാദിത്തമുള്ള ഒരു തദ്ദേശഭരണ സ്ഥാപനം എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് എക്കാലത്തും നടത്തിയിട്ടുള്ളതാണ്. 2017-18 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

- ***കേരള സർക്കാറിന്റെ ആർദ്രംമിഷനുമായി ചേർന്ന് ജില്ലാ ആസ്പത്രിയെ അടുത്ത നാലു വർഷം കൊണ്ട് സൂപ്പർ സ്പെഷാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കും***

*2017-18 വർഷത്തിൽ :-*

- **മാമോഗ്രാഫി യൂണിറ്റ്-** ബ്രെസ്റ്റ് ക്യാൻസർ പരിശോധന-സ്ഥാപിക്കുന്നതിന് കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്ക് 1.5 കോടി രൂപ നീക്കിവെയ്ക്കുന്നു.
- ജില്ലാ ആശുപത്രിയിലെ ICU യൂണിറ്റ് നവീകരണം-25ലക്ഷം രൂപ
- ജില്ലാ ആശുപത്രിയിലെ കാഷ്വാലിറ്റി മോഡേണൈസേഷൻ- 20 ലക്ഷം രൂപ
- ജില്ലാ ആശുപത്രി കമ്പ്യൂട്ടറൈസേഷൻ-24 ലക്ഷം രൂപ
- ഡയാലിസിസ് യൂണിറ്റിന്റേ അധിക ഷിഫ്റ്റ്-12 ലക്ഷം രൂപ
- പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജില്ലാ ആശുപ്രതിയുടെ കീഴിൽ ഡയാലിസിസ് യൂണിറ്റിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന്-40 ലക്ഷം രൂപ
- ജില്ലാ ആശുപത്രിയിലെ സർജിക്കൽ ഉപകരണങ്ങൾ പുതിയതായി വാങ്ങുന്നതിന്-18 ലക്ഷം രൂപ
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാരം നൽകുന്നതിന്-പത്ത് ലക്ഷം രൂപ
- ജില്ലാ ആശുപത്രിയിൽ ബയോഗ്യാസ് പ്ലാന്റ്-15 ലക്ഷം രൂപ
- ആയുർമുകുളം-ജില്ലാആയുർവേദാസ്പത്രിയിൽ മരുന്നുകളും നവീകരണവും - 30 ലക്ഷം
- ഹോമിയോ - ജില്ലാ ഹോമിയോ ആശുപത്രിയിൽ മരുന്നുകളും നവീകരണവും - 30 ലക്ഷം രൂപ

- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി, സോഷ്യൽ ഫോറസ്റ്ററി വകുപ്പിന്റെ സഹകരണത്തോടെ ഒരു ലക്ഷം വൃക്ഷതൈകൾ നട്ട് സംരക്ഷിച്ചുകൊണ്ടുള്ള വനവത്കരണ പ്രവർത്തനങ്ങൾക്കും ഈ ബജറ്റ് ലക്ഷ്യമിടുന്നു. കുടുംബശ്രീ പ്രവർത്തകരുടെയും സ്കൂൾ വിദ്യാർത്ഥികളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതാണ്. ഇതിനായി അഞ്ചു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ശുദ്ധജല-ജില്ലയിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള ജീവജലം നിരവധി കുടിവെള്ള പദ്ധതികൾ മുടങ്ങികിടക്കുന്നത് ഇവ നവീകരിക്കുന്നതിനായി 50 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- മൃതശരീരങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുതകുന്ന തരത്തിൽ ഗ്യാസ്/വൈദ്യുതിയിൽ/സാധാരണ ശ്മശാനം

പ്രവർത്തിക്കുന്ന ഒരു ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് പത്തു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ഇരുപതു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി പത്തു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ***തൂവൽസ്പർശം*** - പട്ടികവർഗ്ഗക്കാരായ ഗർഭിണികളെ ആശാ വർക്കർമാരുടേയും എസ്.ടി. പ്രൊമോട്ടർമാരുടേയും സഹകരണ ത്തോടെ ആസ്പത്രികളിൽ എത്തിക്കുന്നതിനും ഗൈനക്കോളജി സ്റ്റിന്റെ സേവനം ലഭ്യമാക്കി സുഖപ്രസവവും ചികിത്സയും ലഭ്യമാക്കുന്നതിന് പത്തു ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.
- ***നായ്ക്കളിലെ പ്രജനന നിയന്ത്രണം*** - ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പൂക്കോട് വെറ്ററിനറി കോളേജിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി മുപ്പത് ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

**വയനാട്** ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ പുതിക്കിയ ബജറ്റിന്റെയും 2017-18 വർഷത്തെ ബജറ്റിന്റെയും സംഗ്രഹം താഴെ ചേർക്കുന്നു.

| **2016-17 ലെ പുതുക്കിയ ബജറ്റ് - സംഗ്രഹം** | | |
|---|---|---|
| **വരവുകൾ** | | |
| **ക്രമ നം.** | **ഇനം** | **ആകെ തുക** |
| 1 | റവന്യു വരവ് | **74776000** |
| 2 | മൂലധന വരവ് | **969425547** |
| | ആകെ വരവ് | **1044201547** |
| **ചെലവുകൾ** | | |
| **ക്രമ നം.** | **ഇനം** | **ആകെ തുക** |
| 1 | റവന്യു ചെലവ് | **467666000** |
| 2 | മൂലധന ചെലവ് | **570645547** |
| | ആകെ ചെലവ് | **1038311547** |
| **പ്രാരംഭബാക്കി** | | **87173944** |
| **വരവ്** | | **1044201547** |
| **ആകെ** | | **1131375491** |
| **പ്രതീക്ഷിത ചെലവ്** | | **1038311547** |
| **പ്രതീക്ഷിത നീക്കിയിരിപ്പ്** | | **93063944** |

| 2017-18 - ബജറ്റ് - സംഗ്രഹം | | |
|---|---|---|
| പ്രതീക്ഷിത വരവുകൾ | | |
| ക്രമ നം. | ഇനം | |
| 1 | റവന്യൂ വരവ് | 77665000 |
| 2 | മൂലധന വരവ് | 943244000 |
| | ആകെ വരവ് | 1020909000 |
| | | |
| ക്രമ നം. | ഇനം | |
| 1 | റവന്യൂ ചെലവ് | 349685000 |
| 2 | മൂലധന ചെലവ് | 668851000 |
| | ആകെ ചെലവ് | 1018536000 |
| പ്രാരംഭബാക്കി | | 93063944 |
| വരവ് | | 1020909000 |
| ആകെ | | 1113972944 |
| പ്രതീക്ഷിത ചെലവ് | | 1018536000 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | | 95436944 |

വികസന നയവും കാഴ്ചപ്പാടും

വയനാട് ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റിലെ പ്രധാനപ്പെട്ട ചില മുൻഗണനാ നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളത്. വിശദമായ ബജറ്റ് രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. വയനാട് ജില്ലാ പഞ്ചായത്ത് മുൻകാല പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വികസന നേട്ടങ്ങൾ മുറുകെപ്പിടിച്ച്, ശാസ്ത്രീയവും നിയമാനുസൃതവും സമഗ്രവുമായ ഒരു വികസന പ്രക്രിയക്ക് രൂപം നൽകാനാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. അവഗണിക്കപ്പെട്ടവരും വികസനമേഖലകളുടെ പിന്നാമ്പുറങ്ങളിലേക്ക് പറിച്ചു മാറ്റപ്പെട്ടവരുമായ ദുർബല വിഭാഗങ്ങളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൈ പിടിച്ച് ഉയർത്താനാകുന്ന തരത്തിൽ, അവരുടെ ജീവിത നിലവാരം മറ്റുള്ളവരുടേതിന്

ഒപ്പമാക്കാനുമുള്ള പരിശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ജൈവ സമ്പത്തിനേയും പ്രകൃതിയേയും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് എളിയ രീതിയിലെങ്കിലും നാം സജ്ജമാകേണ്ടിയിരിക്കുന്നു. ശ്രമിച്ചാൽ സാധിക്കാത്ത തായി ഒന്നുമില്ല.നേടാൻ കഴിയാത്തതായി ലോകത്തിൽ ഒന്നുമില്ല. അതിനുള്ള ക്ഷമയും അത്യദ്ധ്വാനവും ഏകാഗ്രതയും ഉണ്ടാകണമെന്നു മാത്രം.

അധികാര വികേന്ദ്രീകരണ പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായ കേരളത്തിൽ, സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു വികസന പ്രക്രിയയിൽ പങ്കാളികളാകാൻ ഭാഗ്യം സിദ്ധിച്ച നമ്മളോരോരുത്തരും അധസ്ഥിതരും ആലംബഹീനരുമായ അശരണർക്ക് ഒരു കൈത്താങ്ങ് എങ്കിലും നൽകുവാൻ കഴിവുള്ളവരാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്

വയനാട് ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ പ്രാരംഭ ബാക്കി **87173944**/- രൂപയും വരവിനത്തിൽ **1044201547**/- രൂപ ഉൾപ്പെടെ **1131375491**/- രൂപ ഒട്ടാകെ വരവും **1038311547**/- രൂപ പ്രതീക്ഷിത ചെലവും **93063944**/- രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉൾപ്പെടുന്ന പുതുക്കിയ ബഡ്ജറ്റും 2017-18 വർഷത്തേയ്ക്കുള്ള **93063944**/- രൂപ പ്രാരംഭ ബാക്കിയും **1020909000**/- രൂപ വരവും ഉൾപ്പെടെ **1113972944**/- ഒട്ടാകെ വരവും **1018536000**/- രൂപ ചെലവും **95436944**/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റിന്റെ കരട് ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഭരണസമിതി മുൻപാകെ സമർപ്പിക്കുന്നു.

വരവുകളും ചിലവുകളും സംബന്ധിച്ച വിശമായ നിയമാനുസൃത രേഖകളും പട്ടികകളും അനുബന്ധമായി ചേർത്തിട്ടുണ്ട്

ജവഹർലാൽനെഹ്റു ഏറെ ഇഷ്ടപ്പെട്ട റോബർട്ട് ഫ്രോസ്റ്റിന്റെ വരികൾക്ക് കടമനിട്ട നൽകിയ വിവർത്തനത്തിന്റെ ഈരടികൾ

"മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും
അനേകമുണ്ട് കാത്തിടേണ്ട മാമക പ്രതിജ്ഞകൾ
അനക്കമറ്റു നിദ്രയിൽ ലയിപ്പതിനു മുമ്പിലായ്
എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ"

കടമ നിർവ്വഹണത്തിന്റെ ഓർമ്മപ്പെടുത്തലുകൾ സമ്മാനിക്കുന്ന ഈ വരികൾ സമർപ്പിച്ചുകൊണ്ട് വയനാടിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകു നൽകാൻ നമുക്ക് കൈകോർക്കാം

28.03.2017
**കൽപ്പറ്റ**

**പി.കെ.അസ്മത്ത്**
**വൈസ്പ്രസിഡണ്ട്**